ചന്ദ്രിക വാരാന്തപ്പതിപ്പ്

ചന്ദ്രിക ESTD 1934

2018 മാർച്ച് 11 ഞായർ

sundaychandrika@gmail.com

മതേതര ഇന്ത്യയുടെ ഹരിതശോഭയായ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന് എഴുപത്



ഇന്ത്യൻ ഭരണഘടന നിർമാണസഭയിൽ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഒപ്പ് വെക്കുന്നു.

ഫോട്ടോ സമ്പാദനം: -കെ.എം.റഷീദ് കോട്ടക്കൽ

ബലിഷ്ഠമീ അടിത്തറ

സ്വതന്ത്രഭാരതത്തിന് ഒരു ഭരണഘടന തയ്യാറായി കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണ് മുസ്‌ലിംലീഗ് ഇത്തരമൊരു നയരേഖ ആവിഷ്കരിച്ചത് എന്ന വസ്തുത പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതുണ്ട്. ഭരണഘടനാ നിർമ്മാണസഭ കാര്യമായിത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ ഇന്ത്യയുടെ ഭാവി ഭരണഘടനാ സങ്കൽപ്പങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് ഭരണഘടനാ ശിൽപികളെ ഓർമപ്പെടുത്തുകയാണ് മുസ്‌ലിംലീഗ്. നയരേഖ വിശകലനം ചെയ്തുനോക്കിയാൽ ഇന്ന് ഇന്ത്യ വിജയകരമായി പ്രയോഗിച്ചുവരുന്ന മിശ്രസമ്പദ് വ്യവസ്ഥയിലേക്കാണ് അത് വിരൽചൂണ്ടുന്നത്. ഇടതുപക്ഷ പാളിച്ചകൾക്കും വലതുപക്ഷ വ്യതിയാനങ്ങൾക്കുമിടയിൽ കൃത്യമായ മധ്യമാർഗമാണ് മുസ്‌ലിംലീഗ് ലക്ഷ്യമിട്ടിരിക്കുന്നത്.



എം.സി വടകര

ചരിത്രം ചെവിയോർത്തു നിന്ന മുസ്‌ലിംലീഗിന്റെ രൂപീകരണ സമ്മേളനം 1948 മാർച്ച് 10-ാം തീയതി രാവിലെ 10 മണിക്ക് തന്നെ മദ്രാസിലെ സർക്കാർ അതിഥി മന്ദിരത്തിൽ അഥവാ ഇപ്പോഴത്തെ രാജാജി ഹാളിൽ ആരംഭിച്ചു. 147 പേരാണ് ഇതിൽ പങ്കെടുക്കേണ്ടിയിരുന്നത്. എന്നാൽ 51 പേർ മാത്രമാണ് പങ്കെടുത്തത്. എ.കെ ജമാലി സാഹിബ് പ്രാർത്ഥന നടത്തി. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ആധ്യക്ഷ്യം വഹിച്ചു. വന്ദ്യവയോധികനും സ്വാതന്ത്ര്യസമരനായകനും വീരവിപ്ലവകാരിയുമായ മൗലാനാ ഹസ്റത്ത് മോഹാനി ഉത്തർപ്രദേശിനെ പ്രതിനിധീകരിച്ചു. മദ്ധ്യപ്രദേശിൽ നിന്ന് സംസ്ഥാന മുസ്‌ലിംലീഗ് അദ്ധ്യക്ഷൻ സയ്യിദ് അബ്ദുൽ റഊഫ് ഷാ, ബോംബെയിൽ നിന്ന് അവിടത്തെ മുസ്‌ലിംലീഗ് അസംബ്ലി പാർട്ടി ലീഡറും പ്രതിപക്ഷ നേതാവുമായ എ.എ. ഖാൻ സാഹിബ്, ഹസനലി പി. ഇബ്രാഹിം, അബ്ദുൽ ഖാദർ ഹാഫിസ്ക്ക എന്നിവരും പങ്കെടുത്തു. "പാസ് ബാൻ" ഉർദുപത്രത്തിന്റെ എഡിറ്റർ ഇസ്മായിൽ തബീഷ് ആയിരുന്നു ബാംഗ്ലൂരിന്റെ പ്രതിനിധി. കുടകിൽ നിന്ന് കൂർഗ് ജില്ലാ മുസ്‌ലിംലീഗ് പ്രസിഡണ്ട് മജീദ്ഖാൻ, ഹാജി ഹബീബുല്ല, മുഹമ്മദ് ഇസ്മായിൽ (സമർക്കോട്) എന്നിവരും എത്തിച്ചേർന്നു. ബാക്കിയുള്ളവരിൽ അബ്ദുസത്താർ സേട്ട് സാഹിബ്. കെ.ടി.എം. അഹമ്മദ് ഇബ്രാഹിം സാഹിബ്, ബി. പോക്കർ സാഹിബ്, കെ.എം. സീതി സാഹിബ്, സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ, എൻ.എം. അൻവർ, പി.കെ. മൊയ്തീൻകുട്ടി, എം. അഹമ്മദ് മൊയ്തീൻ, മുഹമ്മദ് റസാഖാൻ, പി.പി. ഹസ്സൻകോയ മുതലായവർ ഉൾപ്പെടുന്നു.



കെ.എം. സീതി സാഹിബ്



ബാഫഖി തങ്ങൾ



പാണക്കാട് പൂക്കോയ തങ്ങൾ



ബി. പോക്കർ സാഹിബ്

ഖാഇദെമില്ലത്ത് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഗവർണർ ജനറൽ മൗണ്ട് ബാറ്റൻ പ്രഭുവുമായും പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായും നടത്തിയ സംഭാഷണങ്ങളുടെ വിശദ വിവരങ്ങൾ നൽകി. മഹാത്മാഗാന്ധിയുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് കൗൺസിൽ നടപടികൾ ആരംഭിച്ചത്.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം മാറിയ പരിതസ്ഥിതിയിൽ ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെ സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ പുരോഗതിക്കായി മുസ്‌ലിംലീഗ് തുടരണം എന്ന ഔദ്യോഗിക പ്രമേയം മലബാറിൽ നിന്നുള്ള പി.കെ. മൊയ്തീൻകുട്ടി സാഹിബ് അവതരിപ്പിച്ചു. 10 മണിക്കൂർ നീണ്ടുനിന്നു ഈ പ്രമേയത്തിന്മേൽ നടന്ന ചർച്ച. അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾകൊണ്ട് രാജാജി ഹാൾ ശബ്ദായമാനമായി.

37 പേർ പ്രമേയത്തെ അനുകൂലിച്ചു. 14 പേർ എതിർത്തു.

മദിരാശിയിൽ നിന്നെത്തിയവരിൽ 13 പേരും ബാംഗ്ലൂർ, കുടക് എന്നിവിടങ്ങളിൽ നിന്നുള്ള 5 പേരും ബോംബെയിൽനിന്നുള്ള 4 പേരും മദ്ധ്യപ്രദേശിൽ നിന്നുള്ള ഒരാളുമാണ് പ്രമേയത്തെ അനുകൂലിച്ച് ഇന്ത്യയിൽ മുസ്‌ലിംലീഗ് നിലനിർത്തിയവർ. മൗലാനാ ഹസ്റത്ത് മോഹാനി പ്രമേയത്തെ അനുകൂലിക്കാതിരുന്നത് നിർഭാഗ്യകരമായി. സ്വാതന്ത്ര്യസമരത്തിലെ ഈ വീരസിങ്കം സജീവ രാഷ്ട്രീയത്തിൽനിന്നുതന്നെ പിൻവാങ്ങുകയായിരുന്നു. റഫീഉദ്ദീൻ അഹമ്മദ് അൻസാരി (നെല്ലൂർ), എം.എ. സലാം (ഗുണ്ടൂർ), മുഹമ്മദ് ഇസ്മായിൽ (സമർക്കോട്), അത്താവുല്ലാ സാഹിബ് (സേലം), ചിന്നക്കാസിയാർ (രാംനാട്), പി.പി. ഹസ്സൻകോയ (മലബാർ) എന്നിവരും പ്രമേയത്തെ അനുകൂലിച്ചില്ല.

സംഘടനയുടെ പേര് "ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ്" എന്നാക്കി മാറ്റി. ഖാഇദെമില്ലത്ത് എം. മുഹമ്മദ് ഇസ്മായിൽ സാഹിബ് (പ്രസിഡണ്ട്), മെഹബൂബ് അലി ബേഗ്-വിജയവാഡ (ജനറൽ സെക്രട്ടറി), ഹസനലി പി. ഇബ്രാഹിം-ബോംബെ (ഖജാഞ്ചി) എന്നിവരെ മുഖ്യ ഭാരവാഹികളായി തെരഞ്ഞെടുത്തു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന് ഒരു നിയമാവലി മൂന്ന് മാസത്തിനുള്ളിൽ തയ്യാറാക്കാൻ ഒരു സബ്കമ്മിറ്റിയേയും അധികാരപ്പെടുത്തി. 15 അംഗങ്ങളുള്ള നിയമാവലി നിർമ്മാണ സമിതിയിൽ 1. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് 2. എം.എം. ഖാൻ (എം.എൽ.എ) 3. ഹസനലി പി. ഇബ്രാഹിം (ബോംബെ) 4. എ.കെ. ഹാഫിസ്ക്ക (ബോംബെ) 5. സയ്യിദ് അബ്ദുൽ റഊഫ് ഷാ (മദ്ധ്യപ്രദേശ്) 6. ഇസ്മായിൽ താഭിഷ് (എഡിറ്റർ, പാസ്ഖാൻ) 7. ബി. പോക്കർ സാഹിബ് (എം.എൽ.എ) 8. മെഹബൂബലി ബേഗ് (എം.എൽ.എ) 9. കെ.ടി.എം. അഹമ്മദ് ഇബ്രാഹിം സാഹിബ് (എം.എൽ.സി) 10. ഹാജി അബ്ദുസ്സത്താർ സേട്ട് സാഹിബ് (എം.എൽ.എ സെൻട്രൽ) 11. ബാരിസ്റ്റർ യൂസഫ് ഷരീഫ്, 12. അബ്ദുൽ ഖാദർ ശൈഖ്, 13. പി.കെ. മൊയ്തീൻകുട്ടി സാഹിബ്, 14. കെ.എം. സീതിസാഹിബ്, 15. മുഹമ്മദ് റസാഖാൻ എന്നിവർ അംഗങ്ങൾ.

സംഘടനയുടെ പേര് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് എന്നായിരിക്കും.

a) ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ആദർശങ്ങളും ഉദ്ദേശ്യങ്ങളും താഴെ പറയുന്നവയായിരിക്കും.

ഇന്ത്യൻ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്തുന്നതിലും സംരക്ഷിക്കുന്നതിലും സംസ്ഥാപിക്കുന്നതിലും സഹായിക്കുകയും രാഷ്ട്രത്തിലെ ജനങ്ങളുടെ അന്തസ്സും ക്ഷേമവും സുഖവും വർദ്ധിപ്പിക്കുന്നതിൽ പരിശ്രമിക്കുകയും ചെയ്യുക.

b) രാഷ്ട്രത്തിലെ മുസ്‌ലിംകളുടേയും മറ്റു ന്യൂനപക്ഷങ്ങളുടേയും എല്ലാ ന്യായമായ അവകാശങ്ങളും താൽപര്യങ്ങളും കരസ്ഥമാക്കുകയും രക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക.

c) ഇന്ത്യയിലെ മുസ്‌ലിംകളുടെയും മറ്റു സമുദായക്കാരുടേയും ഇടയിൽ പരസ്പരവിശ്വാസവും സന്മനസ്സും സ്നേഹവും മതിപ്പും രഞ്ജിപ്പും വളർത്തുക.

ഈ താൽക്കാലിക ഭരണഘടന അധികനാൾ വേണ്ടിവന്നില്ല. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ ഉപസമിതി പുതിയ നിയമാവലി തയ്യാറാക്കി. 1948 മെയ് 11-ന് അത് മുസ്‌ലിംലീഗ് പ്രസിഡണ്ടിന് സമർപ്പിക്കുകയും ചെയ്തു. 1951 സെപ്തംബർ ഒന്നിന് മദിരാശിയിൽ ചേർന്ന മുസ്‌ലിംലീഗ് നാഷണൽ കൗൺസിൽ പുതിയ നിയമാവലി നിസ്സാരമായ ഭേദഗതികളോടെ അംഗീകരിച്ചു.

മുസ്‌ലിംലീഗ് രൂപീകരണ സമ്മേളനത്തിന്റെ മൂന്നാമത്തെ പ്രമേയം അതിന്റെ നയരേഖയും പരിപാടിയുമാണ്. അതിപ്രകാരം:

a) രാഷ്ട്രത്തിന് സ്വാതന്ത്ര്യം ലഭ്യമായിരിക്കയാൽ അതിനുശേഷമുള്ള മുസ്‌ലിംലീഗിന്റെ നയം വ്യക്തമാക്കേണ്ടതുള്ളതിനാൽ രാജ്യത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ പരസ്പര വിശ്വാസവും സന്മനസ്സും ഐക്യവും വളർത്തിക്കൊണ്ടുവരുന്നതിലും ക്ഷേമത്തിലേക്കും സമൃദ്ധിയിലേക്കുമുള്ള ജനങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തുന്നതിലും മുസ്‌ലിംലീഗ് ഹൃദയംഗമമായി കൂറോടെ പരിശ്രമിക്കുന്നതാണെന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ഈ കൗൺസിൽ യോഗം പ്രഖ്യാപിക്കുന്നു. വിവിധ സമുദായങ്ങൾക്കിടയിൽ ഐക്യവും സമാധാനവും പാലിക്കാൻ മറ്റു സംഘടനകളും കക്ഷികളുമായി കഴിയുന്ന എല്ലാവിധത്തിലും സഹകരിക്കുവാൻ ഈ യോഗം മുസ്‌ലിംകളോട് അഭ്യർത്ഥിക്കുന്നു.

ഇന്ത്യൻ യൂണിയനിലെ മുസ്‌ലിംകളുടെ മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെ പരിഗണിക്കുന്നതിലായിരിക്കും മുസ്‌ലിംലീഗ് കാര്യമായും പ്രവർത്തിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുകയെന്ന് ഈ യോഗം തീരുമാനിക്കുന്നു.

b) ഈ രാഷ്ട്രത്തിന്റെ യുദ്ധാനന്തര നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി താഴെ പറയുന്നവയെ രചനാത്മക പരിപാടികളായി ഈ യോഗം രൂപീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ആവശ്യമായ മാറ്റങ്ങളോടുകൂടി ഈ പരിപാടിയെ വിവിധ മുസ്‌ലിംലീഗ് അസംബ്ലി പാർട്ടികൾ അംഗീകരിക്കണമെന്ന് ഈ യോഗം നിർദ്ദേശിക്കുന്നു. ഈ പരിപാടികളുമായി ഐകരൂപ്യമുള്ളതോ ഏതാണ്ടിത് പോലെയുള്ളതോ ആയ സാമ്പത്തിക പരിപാടികളുള്ള കക്ഷികളുമായി അല്ലെങ്കിൽ ഗ്രൂപ്പുകളുമായോ വ്യക്തികളുമായോ ഇഷ്ടമുള്ള ഏതെങ്കിലുമൊരു പേരിൽ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി മുസ്‌ലിംലീഗിന് സഹകരിക്കാവുന്നതാണ്.

പരിപാടി

ഭൂമിയും അതിലുള്ള എല്ലാ വസ്തുക്കളും മനുഷ്യവർഗത്തിന് ദൈവം സൗജന്യമായി നൽകിയതാകയാൽ അവ തന്റേയും കുടുംബാംഗങ്ങളുടേയും ആശ്രിതന്മാരുടേയും സുഖകരമായ ജീവിതത്തിന് ആവശ്യമായ ഭക്ഷണം, വസ്ത്രം, വാസസ്ഥലം എന്നിവക്ക് വേണ്ടി ഉപയോഗപ്പെടുത്താനും ഏതൊരു മനുഷ്യനും പൂർണമായ അവകാശവും അവസരവും ഉണ്ടായിരിക്കേണ്ടതും ഉണ്ടായിരിക്കുന്നതുമാണ്. ആകയാൽ സമ്പത്തിന്റെ വിതരണത്തിൽ താഴെപറയുന്ന തത്ത്വങ്ങൾ അവലംബിക്കേണ്ടതാണ്.

1. എല്ലാ ഓരോ മനുഷ്യനും തൊഴിലെടുക്കാനുള്ള പൂർണ സൗകര്യം ഉണ്ടായിരിപ്പാൻ ഗവൺമെന്റ് ഏൽക്കേണ്ടതും രോഗം, അംഗഭംഗം, വാർധക്യം, തൊഴിലില്ലായ്മ, മരണം എന്നീ ഘട്ടങ്ങളിൽ തൊഴിലാളികൾ, തൊഴിലുടമകൾ, ഗവൺമെന്റ് എന്നിവർ നിശ്ചിതമായ ഒരുവീതപ്രകാരം പണമെടുത്ത് സ്വരൂപിക്കപ്പെടുന്ന ഒരു ഫണ്ട് വഴിക്കോ ഇൻഷൂറൻസ് വഴിക്കോ സാമൂഹിക സുരക്ഷ നൽകേണ്ടതുമാണ്.

2. മനുഷ്യനെ ചൂഷണം ചെയ്യുവാൻ ഇടവരുത്തുന്ന വിധത്തിൽ ധനശേഖരണം സംഭവിക്കാവുന്നതല്ല.

3. ഏത് വിധമായ പലിശയേയും ഗവൺമെന്റ് തടയേണ്ടതാണ്.

4. ഇരുകക്ഷികളുടേയും പൂർണ്ണ മനസ്സോടും സമ്മതത്തോടും കൂടിയല്ലാത്ത യാതൊരുവിധ കരാറും നീതിപൂർവമാണെന്ന് അംഗീകരിക്കുകയോ നടപ്പിൽ വരുത്തുകയോ ചെയ്യാവുന്നതല്ല. സന്ദർഭങ്ങളുടെ നിർബന്ധംകൊണ്ട് ഉണ്ടായതാണെന്ന് തോന്നുന്ന സമ്മതത്തിന്മേൽ ചെയ്യപ്പെടുന്ന ഏതൊരു കരാറിനേയും ഗവൺമെന്റ് തടയേണ്ടതും ദുർബലപ്പെടുത്തേണ്ടതുമാണ്.

5. സ്വകാര്യ സ്വത്ത് എന്ന സ്ഥാപനം ഗവൺമെന്റ് അംഗീകരിക്കണം. പക്ഷേ, അത് ഒരു ട്രസ്റ്റ് എന്ന നിലയിൽ മാത്രമായിരിക്കണം. ഉടമസ്ഥനും അദ്ദേഹത്തിന്റെ കുടുംബവും ആശ്രിതന്മാരും തങ്ങളുടെ സുഖകരമായ ജീവിതത്തിന് മാത്രം പ്രഥമ പരിഗണനയുള്ള അനുഭവസ്ഥന്മാരും ബാക്കിയുള്ളതിൽ അതാത് സന്ദർഭങ്ങളിൽ ഉണ്ടാകുന്ന പരിതസ്ഥിതികൾക്കനുസരിച്ച് രാഷ്ട്രത്തിലെ ജനങ്ങളെല്ലാം അനുഭവസ്ഥന്മാരായിരിക്കേണ്ടതുമാണ്. എന്നാൽ അവശിഷ്ട ധനം രാഷ്ട്രം മറ്റുവിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ, കൂടുതൽ ധനമുണ്ടാക്കുവാൻ ഉപയോഗിക്കുന്നതിന് ഉടമസ്ഥനെ തടയുവാൻ പാടുള്ളതല്ല.

6. അന്യായമായോ നിയമവിരുദ്ധമായ വഴികളിൽ കൂടിയല്ലാതെ സമ്പാദിച്ച കായികമോ മാനസികമോ ആയ പ്രവർത്തനഫലം ഒരാളിൽ നിന്നും എടുത്തുകളയരുത്. ഇതൊന്നിച്ച് പറയുന്ന തത്ത്വങ്ങളുടെ വെളിച്ചത്തിൽ അന്യായമോ നിയമവിരുദ്ധമോ ആയ വഴികൾ ഏതാണെന്ന് തീരുമാനിക്കേണ്ടത് രാഷ്ട്രമാണ്.

7. ഏത് വിധത്തിലുള്ള ലഹരി സാധനങ്ങളുടെ ഉപയോഗവും ചൂതുകളിയും ചന്തയും രാഷ്ട്രം നിരോധിക്കേണ്ടതാണ്.

8. ഉൽപാദന മാർഗങ്ങളും ധനവും പൂട്ടിയിട്ട് മറ്റുള്ളവരേക്കാൾ വേണ്ടുന്നതിൽ കൂടുതലായ ലാഭം കരസ്ഥമാക്കുന്ന കുത്തക സമ്പ്രദായത്തേയും മറ്റും രാഷ്ട്രം വിരോധിക്കേണ്ടതാണ്.

9. ആളുകളെ ചൂഷണം ചെയ്തും കുത്തക സമ്പ്രദായംകൊണ്ടും പന്തയം വെച്ചും ലഹരി സാധനങ്ങൾ ഉണ്ടാക്കിയും വിറ്റും പണം സമ്പാദിക്കുന്നതിനെ രാഷ്ട്രം തടയണം. മാത്രമല്ല ഇത്തരം കുറ്റക്കാരെ ശിക്ഷിക്കുന്നത് കൂടാതെ

ശേഷം പേജ് 2



കെ. ഉപ്പി സാഹിബ്



കെ.എം മൗലവി



സി.എച്ച്. മുഹമ്മദ്കോയ



ശിഹാബ്തങ്ങൾ



സേട്ടു സാഹിബ്



ജി.എം. ബനാത്ത്‌വാല



എ.കെ.എ അബ്ദുസമദ്



ഇ അഹമ്മദ്



ഹൈദരലി ശിഹാബ്തങ്ങൾ



പ്രഫ. ഖാദർ മൊയ്തീൻ



പി.കെ. കുഞ്ഞാലിക്കുട്ടി



അനുഭവം



പ്രമോദ് കൂവേരി

മധു തേടിപ്പോകുന്ന മധുമർ

കരുതിവെക്കലിന്റെ മനോഭാവമില്ലാത്ത, നാളെയുടെ സ്വപ്നങ്ങളെ അധികം താലോലിക്കാത്ത, ജൈവികതയുടെ വിത്തുകൾ മാത്രം മൺപിടിച്ചു സൂക്ഷിക്കുന്ന കാടിന്റെ മക്കൾക്ക് അധികാരവർഗ്ഗങ്ങളിൽ നിന്നും അധികം വ്യാമോഹങ്ങളുണ്ടായിരുന്നില്ല.

നെങ്ങാറ കോളനി

തിരുനെല്ലി നെങ്ങറയിലെ അടിയാ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനിയാണ് 'കാന്തൻ ദ ലവർ ഓഫ് കളർ' എന്ന സിനിമയുടെ ഷൂട്ടിംഗ് ലൊക്കേഷനായി കണ്ടുവെച്ചത്. അതിന്റെ മുന്നോടിയായി സംവിധായകൻ ഷെറിഫ് ഈസയോടൊപ്പം അവിടുത്തെ മനുഷ്യരുടെ വീടുഭാഷയും ജീവിതരീതിയും ഗ്രഹിച്ചെടുക്കാനായി കുറച്ചുനാൾ നെങ്ങറയിൽ ചെലവിടേണ്ടിവന്നു. മൂപ്പനായ അരപ്പുച്ചക്കരിക്കാളൻ അതിനുവേണ്ട എല്ലാവിധ സന്നദ്ധസഹായങ്ങളും ഞങ്ങൾക്കൊരുക്കിത്തന്നു. ദളിത്-ആദിവാസി വിഭാഗത്തിൽപ്പെട്ട മനുഷ്യരുടെ അതിജീവനത്തിന്റെ കഥയാണ് സിനിമയുടെ ഇതിവൃത്തം. സ്വന്തം ജീവിതം മഹത്തായൊരു പോരാട്ടത്തിനായി മാറ്റിവെച്ച പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാബായി മുഖ്യവേഷത്തിൽ സിനിമയിൽ അഭിനയിക്കുന്നുണ്ട്. ബാഹ്യമായ കുറേ സമർദ്ദങ്ങളെ തൃണവത്ഗണിച്ച് അവിടുത്തെ വലിപ്പച്ചെറുപ്പമില്ലാത്ത മനുഷ്യർ സിനിമക്കാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്നു. മാത്രമല്ല, സിനിമയിൽ വേഷമിട്ടവർ മുഴുവൻ അവിടത്തെ മനുഷ്യർ തന്നെയായിരുന്നു.

ക്രൂ മെമ്പേഴ്സിനടക്കം താമസിക്കാനായി നെങ്ങറയിൽ ഒരു കൂടിൽ ഒരുക്കിത്തരാൻ ജയനെ കണ്ടാമതിയെന്ന് അരപ്പുച്ചക്കരികാളൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാനും ഷെറീഫും അയാളുടെ വീട്ടിലേക്ക് നടന്നു. ദയാബായിക്കും താമസിക്കാൻ അത്തരത്തിലുള്ള അന്തരീക്ഷമാണ് വേണ്ടതെന്ന് അവരും പറഞ്ഞു. തിരുനെല്ലി അമ്പലത്തിന്റെ ഇടതുറോഡിലൂടെ കുത്തനെയിറങ്ങിയാൽ ജയന്റെ വീടെത്തി. പുറത്ത് നിന്നുവരുന്നവരെ കൈകാര്യം ചെയ്യാൻ വളരെ മിടുക്കുള്ള ആളായതുകൊണ്ടായിരിക്കണം മൂപ്പൻ ആ സ്ഥാനത്ത് ജയനെ നിയമിച്ചിട്ടുണ്ടാവുക. അറിഞ്ഞെടുത്തോളം സകലമാനജോലികളും ചെയ്യുന്നൊരാളും ഊരിലെ എല്ലാവർക്കും അഭിമതനായി നിൽക്കുകയും ചെയ്യുന്നൊരാളാണ് ജയനെന്ന് കുറച്ച് കേട്ടറിവ് കൊണ്ടുതന്നെ ഞങ്ങൾക്ക് മനസ്സിലായി.

മുറ്റിനിൽക്കുന്ന കാപ്പിച്ചെടികൾക്കിടയിലൂടെ ജയന്റെ വീട്ടിലേക്ക് കയറി. പെട്ടിക്കട്ട കൊണ്ട് നിർമ്മിച്ച വീട്. കുമ്മായം തേച്ചിട്ടുണ്ട്. കളംതല്ലികൊണ്ട് മുറ്റം ജലവിതാനത്തിനനുസൃതമായി ചാണകമെഴുകി പാങ്ങാക്കിയിട്ടുണ്ട്.

എറയത്ത് നിന്ന് കളിച്ചുകൊണ്ടിരുന്ന കുട്ടികൾ അപരിചിതരെ കണ്ടപാടെ ശിലപോലെ നിന്നുതന്നു. അവരോട് ജയൻ എന്നാളുടെ വീടല്ലേന്ന് ചോദിച്ചപ്പോൾ കൂട്ടത്തിൽ ഒരു പെൺകുട്ടി അകത്തേക്ക് പോയി അവളുടെ അമ്മയെ കൂട്ടിവന്നു. പ്രായം കുറവാണെങ്കിലും മുറുക്കി വരണ്ട ചുണ്ട്. കൊത്തമല്ലി തുന്നിപ്പിടിപ്പിച്ച ഉടുപ്പുമിട്ട് ആരാണെന്ന് ചോദിക്കാനുള്ള അധികാരമില്ലാത്തവളെപോലെ അവളും പോദ്യങ്ങൾക്കായി നിന്നുതന്നു. അവളെ മല്ലി എന്ന് വിളിക്കാൻ തോന്നി.

"ഞങ്ങള് മൂപ്പൻ പറഞ്ഞിട്ട് വരുന്നതാ. ജയനെയൊന്ന് കാണാൻ..."

"ഓറിടില്ലാ പൊർത്താ." മല്ലി മരവിച്ച ഒരു മറുപടി തന്നു.

ആവശ്യം മറ്റൊരു സമയത്തേക്ക് മാറ്റിവെക്കാൻ പറ്റാത്തതായതുകൊണ്ട് ജയനെ വിടെയാണെങ്കിലും കണ്ടുപിടിച്ചേ മതിയാകു. അതുകൊണ്ട് കുറച്ചുകൂടി നേരം മല്ലിയെ അധികാരമില്ലാത്തവളെപ്പോലെ തന്നെ പിടിച്ചുനിർത്തി.

"എപ്പവരും?"

"അതറില്ല."

"മൊബൈലില്ലേ.'

"അതെട്ത്തിറ്റ്ല്ല, ഈടീണ്ട്."

കൂട്ടത്തിൽ നിന്ന് മറ്റൊരു മോള് അകത്ത് പോയി മൊബൈൽ എടുത്ത് അമ്മയെ ഏൽപ്പിച്ച് തെളിവ് കാണിച്ചു.

നിരാശയോടെ ഞങ്ങൾ പരസ്പരം നോക്കി.

"എവിടെയാ പോയതെന്നറിയോ... ഞങ്ങളവിടെ പോയി കണ്ടോളാം."

"അത് കൃത്യായിട്ട് പറയാൻ പാടാ. ഏട്യാ പണീന്ന് പറയാറില്ല."

നല്ല ആളന്നേന്ന ഒരു ചിരിവന്നു.

എന്തിനാണ് ജയനെ രണ്ടപരിചിതർ അന്വേഷിക്കുന്നതെന്ന് ചോദ്യം ശരിക്കും മല്ലിയുടെ കണ്ണിലുണ്ടായിരുന്നു. പക്ഷേ, അവളത് ചോദിച്ചില്ല. ജയനെ കാണാത്തതിലുള്ള നിരാശകൊണ്ട് പറയാനും തോന്നിയില്ല. അങ്ങനെ മല്ലിയെ ആശങ്കയുടെയോ ഭയത്തിന്റെ മുരിക്ക് കാലിലിരുത്തിയിട്ട് ഞങ്ങളിറങ്ങി.

"എന്നാ ഞങ്ങളിറങ്ങ്കാ, വൈകുന്നേരം വരാം. അപ്പോ ഉണ്ടാവുല്ലോ."

"ഇന്നിനി ഇണ്ടാഗില്ല."

"അതെന്താ?"

"ചെലപ്പോ രാത്രീം ബരില്ല."

അന്ന് തിങ്കളാഴ്ചയായിരുന്നു. തിരിച്ച് തിരുനെല്ലി ദേവസ്വത്തിന്റെ മുറിയിലേക്ക് വരുമ്പോഴാണ് ശ്രദ്ധിച്ചത്, അമ്പലത്തിന് മുന്നിലെ വിജനത. സാധാരണയായി വാഹനങ്ങളുടെയും ജനത്തിന്റെയും തിക്കും തിരക്കും കണ്ടിട്ടുണ്ട്. പക്ഷേ, ഇന്ന് ഒരു കുഞ്ഞുമില്ല. ഹർത്താലായിരിക്കുമോ എന്നുപോലും വിചാരിച്ചുകൊണ്ട് മുറുക്കാൻ മാത്രം വിൽക്കുന്ന ചെമ്പിച്ച മീശക്കാരൻ ചേട്ടനോട് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു.

"ന്ന് വൈദ്യരില്ല."

കേൻസറിന് ചികിത്സിക്കുന്ന ഒരു വൈദ്യൻ തിരുനെല്ലിയിലുണ്ടെന്ന അറിവ് നേരത്തെ ഉണ്ടായിരുന്നു. തലേന്ന് രാത്രിമുതൽ ക്യൂനിന്നാണ് അദ്ദേഹത്തെയൊന്ന് കാണാൻ പറ്റുക. മറ്റൊരു സമയത്തേക്ക് മാറ്റിവെക്കാൻ പറ്റാത്തവിധം അങ്ങേരെ കാണാൻ വരുന്നവരാണ് ഭൂരിഭാഗവും. മെഡിക്കൽ കോളജിന്റെ വരാന്തയിലൂടെ നടക്കുമ്പോൾ ഒരാത്മീയത തോന്നുമെന്ന് എസ്. ഹരീഷിന്റെ ഒരു കഥയിൽ വായിച്ചത് ഓർത്തുപോയി. ആരാണ് ദൈവമെന്നും എന്താണ് രോഗമെന്നും തിരിച്ചറിയാതെ തിരുനെല്ലിയിലെ വിജനമായ നിളൻ പടവ് നോക്കി നിന്നു.

സ്ഥിതി.

സംഹാരം.

പിറ്റേന്നും ഞങ്ങൾ ഉടുത്ത തുണിമാത്രം മാറ്റി വീണ്ടും ജയന്റെ വീട്ടിലേക്ക് കേറിച്ചെന്നു. മല്ലി അപ്പോഴും കൊത്തമല്ലികൾ തുന്നിച്ചേർത്ത് തന്നെയായിരുന്നു. പക്ഷേ, ഇത്തവണ മുന്നിൽ നിന്നത് അധികാരമില്ലാത്തവളെപ്പോലെ മാത്രമല്ല. മറ്റെന്തോ കുറ്റംകൂടി ചെയ്തവളെപ്പോലെയാണ്.

"വന്നോ?"

"വന്നില്ല." ജയൻ വരാത്തതിലുള്ള ആധിയൊന്നും മല്ലിയുടെയോ കുട്ടികളുടെയോ മുഖത്തുണ്ടായിരുന്നില്ല. അപരിചിതരായ നമ്മൾ ആവശ്യപ്പെട്ടപ്പോൾ നൽകാൻ കഴിയാത്തതിന്റെ ക്ഷീണം അവളുടെ നിഴലിനെപ്പോലും തളർത്തുന്നുണ്ടെന്ന് തോന്നി.

വന്നാൽ എന്നെയൊന്ന് വിളിക്കാൻ പറയണമെന്ന് പറഞ്ഞ് ഫോൺ നമ്പർ കൊടുത്ത് തിരുനെല്ലിയിൽ കൊണ്ടുവിട്ട അനേകായിരം ആതുരമാക്കളോട് സൊറ പറഞ്ഞിരുന്ന് ഒരു ദിനം കൂടി വെളുപ്പിച്ചു.

രാവിലെയായിട്ടും അപരിചിതമായ ഒരു കോൾ പോലും വന്നില്ല. ജയനോടുള്ള കലിപ്പോടെ നിലംകുലുക്കി വീണ്ടും അതിരാവിലെത്തന്നെ മല്ലിയെ പിടിച്ച് മുന്നിൽ നിർത്തി.

അവൾ വീണ്ടും വലിയ കുറ്റബോധത്തോടെയും നിഷ്കളങ്കതയോടെയും നിന്നുതന്നു.

ഓറ് വന്നിട്ടാമ്പം നിങ്ങളെ വിളിക്കാന്ന് പറഞ്ഞതല്ലേ... പിന്നീം പിന്നീം എന്തിനാ രാവ്ലെന്നെ കേറിവര്ന്നെന്ന് ചോദിക്കാമായിരുന്നിട്ടും കൊത്തമല്ലിയൊതുക്കിപ്പിടിച്ച് അവൾ നിന്നുതന്നു.

"പുള്ളി ഇങ്ങനെ എടക്ക് പോകാറുള്ളതാണ്."

"എടക്ക് പോകും."

"പിന്നെയെപ്പോഴാ വരിക?"



കാന്തൻദലവർ ഓഫ് കളർ എന്ന ചിത്രത്തിൽ ദയാഭായി

"തോന്നുമ്പം."

ഞങ്ങൾ കുട്ടികളെ നോക്കി. അവർക്ക് അതൊരു വിഷയമേയല്ല. ദിവസം പത്ത് നേരമെങ്കിലും അച്ഛനെ വിളിച്ചുകൊണ്ടിരിക്കുന്ന വീട്ടിലെ മോളെയോർത്തുപോയി.

"നിങ്ങള് ജോലിക്ക് പോകുന്നുണ്ടോ?"

"ഇല്ല."

"ജയൻ വിട്ടിലില്ലാതെ നിങ്ങളെങ്ങനെയാ ജീവിക്ക്ക?"

വീടിന്റെ പിന്നാമ്പുറത്തേക്ക് വിരല്ചൂണ്ടി മല്ലി പറഞ്ഞു: "ചേമ്പും ചേനീയൊക്ക്ണ്ട്."

"അല്ലാ എന്നാലും ഒന്നന്വേഷിക്കേണ്ടപ്പാ... നിങ്ങൾടെ ഭർത്താവല്ലേ."

അപ്പോ മാത്രം മല്ലിയുടെ മുറുക്കിവരണ്ട ചുണ്ടിൽ നേരിയൊരു ചിരിവിടർന്നു.

"പെണങ്ങിപ്പോയതാ."

പറഞ്ഞതെന്താണെന്ന് വ്യക്തമാകാത്തോണ്ട് ഒന്നൂടി ചോദിച്ചു: "എങ്ങനെ?"

"എടക്ക് കലമ്പുംകൂത്താക്കും. വെള്ളടിച്ചേന് ഞാൻ നല്ലോണം പറയും. അന്നേരം എറങ്ങിപ്പോയതാ"

"എവിടേക്ക്?"

"കാട്ട്ലേക്ക്."

മല്ലിയുടെ വീടിന്റെ ഓടിന് മോളിലൂടെ തിരുനെല്ലി മലയിലെ നീഗൂഢമായ ശമനത്തിലേക്ക് കണ്ണുകൾ നീങ്ങി. ആ കാട്ടിലെവിടെയോ ജയനുണ്ട്. പാറമടക്കുകളിൽ കെണിയൊരുക്കിയും കാട്ടുതേനീച്ചക്ക് പിന്നാലെ പാഞ്ഞ് അതിന്റെ കൂടെടുത്തും കാട്ടുമരുന്നും കാട്ടുവേരും പറിച്ച്, കുടുമ്മത്തെ മറന്ന് കാടിന്റെ പുത്രനായി ആദിമമനുഷ്യനായി അയാൾ എവിടെയോ അലയുന്നുണ്ട്.

മല്ലിയോട് വളരെ ബഹുമാനം തോന്നി. എത്ര നിഷ്കളമായാണ് അവരുടെ ദാമ്പത്യജീവിതത്തിലെ ചെറിയ പിണക്കങ്ങൾ പോലും അപരിചിതരോടിങ്ങനെ പറയുന്നത്. പരിഷ്കൃതസമൂഹത്തിൽ എല്ലാ വഴക്കുകളും ഒരു മുറിക്കുള്ളിലൊതുക്കി അവസാനം വിവാഹമോചനത്തിലേക്ക് പോകുമ്പോൾ മാത്രം മറ്റുള്ളവർ അറിയുന്ന ഒളിപ്പിക്കലിലേക്ക് നമ്മൾ എത്ര വൈദഗ്ധ്യം നേടിയിരിക്കുന്നു. ഒരേ നിറത്തിലുള്ള വസ്ത്രങ്ങളണിഞ്ഞ് മേഡ് ഫോർ ഈച്ച് അദർ എന്ന കോംപ്ലിമെന്റും വാങ്ങി രണ്ട് ഭൂഖണ്ഡത്തിൽ ജീവിക്കുന്ന അഭിനവദാമ്പത്യ പ്രത്യയശാസ്ത്രത്തിൽ മല്ലിയുടെ കാത്തിരിപ്പിനും ജയന്റെ അലച്ചലിനും ഒരുപാട് മധുരമുണ്ടെന്ന് തോന്നുന്നു.

കുടുംബത്തിൽ അസ്വാരസ്യമുണ്ടാകുമ്പോൾ ബാറിൽ പോയിരുന്ന് നാലെണ്ണമിട്ട് സമാധാനം വരുമെന്ന നാഗരികതയുടെ അളിഞ്ഞ ക്ലീഷേയിൽ തന്നെയാണ് നമ്മളുള്ളത്. ജയനെ നോക്കൂ. അയാൾ ജീവിതത്തിന്റെ മധു തേടി നടക്കുകയാണ്. ആ അലച്ചലിൽ, കാടിന്റെ ആ താരാണ്യത്തിൽ, കാടിന്റെ നിർഭയത്തിൽ, സമത്വത്തിൽ, കാട്ടുവായുവിന്റെ ചൈതന്യത്തിൽ അയാൾ പുരാതനമായ എല്ലാ പാപപങ്കിലതകളും നിമജ്ജനം ചെയ്ത് തിരിച്ചുവരികയാണ്.

കരുതിവെക്കലിന്റെ മനോഭാവമില്ലാത്ത, നാളെയുടെ സ്വപ്നങ്ങളെ അധികം താലോലിക്കാത്ത, ജൈവികതയുടെ വിത്തുകൾ മാത്രം മൺപിടിച്ചു സൂക്ഷിക്കുന്ന കാടിന്റെ മക്കൾക്ക് അധികാരവർഗ്ഗങ്ങളിൽ നിന്നും അധികം വ്യാമോഹങ്ങളുണ്ടായിരുന്നില്ല. അവർക്ക് വേണ്ടുന്നതത്രയും അവരുടെ കാട് നൽകും. കാരണം അവർ രണ്ട് തുണ്ട് മണ്ണിന്റെ അവകാശികളല്ല. കാടിന്റെ അവകാശികളാണ്. കാടാണ് അവർക്ക് ജീവിതവും സമാധാനവും.

ജയന്റെ കാടിറക്കത്തിന് കാത്തുനിൽക്കാതെ മറ്റൊരു ഇടം നോക്കി സിനിമയുടെ വർക്കുകൾ പുരോഗമിക്കുമ്പോൾ, ദിവസങ്ങൾക്ക് ശേഷം അതിരാവിലെ അപരിചിതമായ ഒരു നമ്പറിൽ നിന്നും ഒരു കോൾ വന്നു.

"സാറേ ഞാൻ ജയൻന്ന പറയുന്നാളുടെ ഭാര്യയാണ്."

മല്ലി.

"ജയൻ വന്നോ?"

"വന്ന്ട്ട്ണ്ട്. ഇനി മൊബൈലിൽ വിളിച്ചാ കിട്ടും. അതുമെടുത്തോണ്ട് ഇപ്പ പുറത്തെറങ്ങി."

ജയനെ തല്ലാനാണോ കൊല്ലാനാണോ ഞങ്ങൾ വന്നതെന്ന് മല്ലിക്ക് അറിയുമായിരുന്നില്ല. എന്നിട്ടും അവൾ അവനെ ഒറ്റിത്തന്നു. തിന്നാനല്ലാതെ കൊല്ലില്ല എന്ന കാടിന്റെ വേദപുസ്തകത്തിലെ മനുഷ്യരുപമായിരിക്കാം അവൾ. അവൾക്കറിയില്ലായിരിക്കാം നാടിന്റെ വിചിത്രമായ നേരമ്പോക്കുകൾ. ■

ഒന്നാം പേജിലെ ബാക്കി

ബലിഷ്ഠമീ അടിത്തറ

ഈ വഴികളിൽ കൂടി അവർ സമ്പാദിച്ച സ്വത്തിനേയും പിടിച്ചെടുക്കേണ്ടതാണ്.

10. ഈ പ്രമാണങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് ഏതു വഴിക്കാണ് ജനങ്ങൾ സ്വത്ത് സമ്പാദിച്ചതെന്ന് അറിയുവാൻ ഗവൺമെന്റ് അന്വേഷണം നടത്തേണ്ടതില്ല. പക്ഷേ, അത്തരം സ്വത്തുക്കളുടെ വിനിയോഗം മുകളിൽ 5-ാം ഖണ്ഡികയിൽ പറഞ്ഞ പ്രകാരം മാത്രം ക്ലിപ്തപ്പെടുത്തേണ്ടതാണ്.

11. ഭൂമുഖത്തും ഭൂഗർഭത്തിലും കാണുന്ന എല്ലാ സ്വത്തുകളും ഖനികളും മറ്റു സാധനങ്ങളും രാഷ്ട്രത്തിന്റേതായിരിക്കുന്നതാണ്. പക്ഷേ, ഒരാളുടെ കൈവശം മുമ്പുണ്ടായിരുന്ന സ്ഥലം അയാളിൽ നിന്ന് എടുക്കരുത്. അത് അയാൾക്ക് സ്വന്തം കൃഷിക്കും മറ്റുപയോഗത്തിനും കിട്ടേണ്ടതാണ്. ഭൂമിയുടെ മുകൾ പരപ്പിൽ കണ്ടെത്തുന്ന ഖനികളും ഖനന വസ്തുക്കളും ഉള്ള നിലത്തിന്റെ ഉടമസ്ഥന് പ്രസ്തുത സാധനങ്ങളിൽ ഒരോഹരിക്കും അർഹതയില്ല. ഭൂമിയുടെ മുകളിൽ കണ്ടെത്തുന്ന എല്ലാ ഖനന വസ്തുക്കളും രാഷ്ട്രത്തിന്റേതാണ്. ഭൂമിയുടെ ഉള്ളിൽ ഖനന വസ്തുക്കൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള നിലത്തിന്റെ ഉടമസ്ഥന് അത് കുഴിച്ചെടുക്കുവാൻ രാഷ്ട്രം അനുവദിക്കുകയാണെങ്കിൽ.... ആദായത്തിന്റെ അഞ്ചിൽ ഒരോഹരിക്ക് പ്രസ്തുത ഉടമസ്ഥൻ അർഹനാണ്.

12. കൃഷി ചെയ്യാൻ സാധിക്കാത്ത ഒരു ഭൂവുടമ തന്റെ നിലം കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന ഒരുവന് തുച്ഛമായ പാട്ടത്തിന്മേൽ ചാർത്തിക്കൊടുക്കേണ്ടതാണ്. ആ പാട്ടം ഭൂനികുതിയും വസ്തു കൈവശക്കാർ ഉണ്ടാക്കിയിട്ടുള്ള കുഴിക്കൂറുകൾക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയും അടങ്ങിയിരിക്കേണ്ടതാണ്.

13. കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ ഉടമസ്ഥന് മേൽപറഞ്ഞ തോതിനെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് നിശ്ചയിക്കുന്ന തുച്ഛമായ വാടക കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

14. നിലം നികുതിയും ഉൽപ്പന്നങ്ങളും തമ്മിൽ എത്രയും ന്യായമായ ഒരു ബന്ധമുണ്ടായിരിക്കേണ്ടതാണ്. മഴയില്ലാത്തതുകൊണ്ടോ മറ്റു ദൈവഗത്യാ ഉള്ള കാരണങ്ങൾ കൊണ്ടോ വിളനാശം വരികയാണെങ്കിൽ നിലനികുതി മടക്കിക്കൊടുക്കുവാനുള്ള ഉപാധിയും ഉണ്ടായിരിക്കേണ്ടതാണ്.

15. കൃഷിയുടെ അഭിവൃദ്ധിക്കും ജലസേചന സൗകര്യത്തിനും വേണ്ടിയുള്ള വഴികൾ ഗവൺമെന്റ് നൽകേണ്ടതുണ്ട്. മൊത്തച്ചെലവിന്മേൽ അധിഷ്ഠാപിതമായ ഇതിനുവേണ്ടി യാതൊരു ഫീസും വസൂലാക്കരുത്.

16. മേച്ചിൽ സ്ഥലങ്ങൾ സ്വതന്ത്ര മേച്ചിൽസ്ഥലങ്ങളായി എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്.

17. തീവണ്ടി, വിമാനം, കപ്പൽ, കമ്പി, വിദ്യുച്ഛക്തി, ജലസേചനം, ഖനികൾ എന്നിവ ഗവൺമെന്റിന്റെ വകയായിരിക്കേണ്ടതാണ്. ദേശീയവൽക്കരണം എത്രയും ചെറിയ പരിധിയിൽ അടങ്ങിയിരിക്കേണ്ടതാണ്. മറ്റു തുറകളിലുള്ള പൊതുജനാവശ്യത്തിന്റെ വലിയ ഒരു മാനദണ്ഡമായിരിക്കണം അതിനെ (ദേശീയവൽക്കരണത്തെ) തീരുമാനിക്കേണ്ടത്.

18. സൗജന്യവും നിർബന്ധവുമായ പ്രാഥമിക വിദ്യാഭ്യാസം ഗവൺമെന്റ് നൽകേണ്ടതാണ്. സെക്കണ്ടറി വിദ്യാഭ്യാസവും മറ്റു ഉയർന്ന വിദ്യാഭ്യാസവും നൽകുന്നതും ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുന്നതുമായ സ്ഥാപനങ്ങൾക്ക് വേണ്ടത്ര സഹായം ഗവൺമെന്റ് നൽകേണ്ടതാണ്.

19. വയോജന വിദ്യാഭ്യാസത്തിനു സൗകര്യമുണ്ടാക്കുക വഴി നിരക്ഷരത്വത്തെ ഏറ്റവും ചുരുങ്ങിയ കാലത്തിനുള്ളിൽ നിഷ്കാസനം ചെയ്യേണ്ടതാണ്.

20. പൊതുജനാരോഗ്യാഭിവൃദ്ധിക്ക് വേണ്ടി ആശുപത്രികൾ അടക്കമുള്ള സൗജന്യ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി എക്സ്റേ പരിശോധന കാലംതോറും നൽകേണ്ടതാണ്.

ഇത്രയും പുരോഗമനാത്മകമായ ഒരു നയപരിപാടി മുന്നോട്ടുവെക്കാൻ ആ കാലത്ത് മറ്റേതൊരു രാഷ്ട്രീയ പാർട്ടിക്കാണ് കഴിയുക? സ്വതന്ത്രഭാരതത്തിന് ഇനിയും ഒരു ഭരണഘടന തയ്യാറായി കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണ് മുസ്ലിംലീഗ് ഇത്തരമൊരു നയരേഖ ആവിഷ്കരിച്ചത് എന്ന വസ്തുത പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതുണ്ട്. ഭരണഘടനാ നിർമ്മാണസഭ കാര്യമായിത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ ഇന്ത്യയുടെ ഭാവി ഭരണഘടനാ സങ്കൽപ്പങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് ഭരണഘടനാ ശിൽപികളെ ഓർമപ്പെടുത്തുകയാണ് മുസ്ലിംലീഗ്. നയരേഖ വിശകലനം ചെയ്തുനോക്കിയാൽ ഇന്ന് ഇന്ത്യ വിജയകരമായി പ്രയോഗിച്ചുവരുന്ന മിശ്രസമ്പദ് വ്യവസ്ഥയിലേക്കാണ് അത് വിരൽചൂണ്ടുന്നത്. ഇടതുപക്ഷ പാളിച്ചകൾക്കും വലതുപക്ഷ വ്യതിയാനങ്ങൾക്കുമിടയിൽ കൃത്യമായ മധ്യമാർഗമാണ് മുസ്ലിംലീഗ് ലക്ഷ്യമിട്ടിരിക്കുന്നത്. രേഖയിൽ സ്വകാര്യസ്വത്തവകാശം അനുവദിക്കപ്പെടുന്നുണ്ട്. പക്ഷേ, അത് ഒരു ട്രസ്റ്റി എന്ന നിലയിൽ മാത്രം. സമ്പത്ത് കുന്നുകൂട്ടാൻ അത് ആരെയും അനുവദിക്കുന്നില്ല. തൊഴിലെടുക്കാനും വിദ്യാഭ്യാസം ലഭിക്കാനുമുള്ള അവകാശം മൗലികാവകാശമാണെന്ന് നയരേഖ പറയുന്നു. (അര നൂറ്റാണ്ടിനു ശേഷമാണ് ഈ അവകാശങ്ങൾ മൗലികാവകാശമായി ഗവൺമെന്റ് പ്രഖ്യാപിച്ചത്). സ്വകാര്യ ഉടമയിലായിരുന്ന ഇന്ത്യയിലെ കപ്പൽ-വിമാന-ട്രെയിൻ സർവീസുകളെല്ലാം വിദ്യുച്ഛക്തിയുൽപാദനവും ഖനികളും മറ്റും ദേശസാൽക്കരിക്കണമെന്ന ആവശ്യത്തിന് വിപ്ലവകരമായ ഒരു സോഷ്യലിസ്റ്റ് മുഖമുണ്ട്. ആ സർവീസുകളെല്ലാം ക്രമേണ പൊതുമേഖലയിൽ ആയിക്കഴിഞ്ഞുവല്ലോ. അറുപതുകളിൽ മാത്രമാണ് സാമ്പത്തിക ചർച്ചകളിൽ കുത്തകകളെക്കുറിച്ച് നാം പറഞ്ഞുവന്നത്. എന്നാൽ 1948-ൽ തന്നെ മുസ്ലിംലീഗ് കുത്തകകളുടെ അപകടസാധ്യതകളെപ്പറ്റി സൂചന നൽകുകയും അത് നിയന്ത്രിക്കണമെന്ന് ഭരണാധികാരികളെ ഓർമ്മപ്പെടുത്തുകയും ചെയ്തു. കാര്യം ബോധ്യപ്പെട്ട സർക്കാർ വളരെ വൈകിയാണെങ്കിലും എ.ആർ.ടി.പി. (Monopoly Restriction and Trade Practice) മുതലായ നിയമങ്ങളിലൂടെ കുത്തകകൾക്ക് മൂക്ക് കയറിട്ടു.

നയരേഖയിൽ പറഞ്ഞ പലിശ വിമുക്ത ബാങ്കിംഗ് സമ്പ്രദായത്തിന് ഇസ്ലാമിക മൂല്യങ്ങളുടെ സ്പർശമുണ്ട്. ഇത്തരം ബാങ്കിംഗ് സമ്പ്രദായം എന്ന ആശയം ഇന്ന് അപ്രാപ്യമായ ആകാശ കുസുമമല്ല. വിദേശ രാജ്യങ്ങളിൽ അത് നടപ്പുണ്ട്. റിസർവ് ബാങ്ക് തലത്തിൽ ഇപ്പോൾ ആ സമ്പ്രദായത്തെപ്പറ്റി ഗൗരവമായി ആലോചിച്ചുവരികയാണ്.

1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടികളോ ഇടതുപക്ഷ പ്രസ്ഥാനങ്ങളോ സജീവമല്ലാത്ത കാലത്താണ് അവരെപോലും അതിശയിപ്പിക്കുമാറുള്ള ഒരു നയരേഖ മുസ്ലിംലീഗ് അവതരിപ്പിച്ചിരിക്കുന്നത്. മദ്രാസ് അസംബ്ലിയിൽ അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രണ്ട് എം.എൽ.എമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരിലൊരാൾ അനന്തൻ നമ്പ്യാർ, ജയിലിലും. മുസ്ലിംലീഗിനാണെങ്കിൽ 29 എം.എൽ.എ.മാരുടെ അംഗബലവും പ്രതിപക്ഷ നേതൃപദവിയുമുണ്ട്. ■



കേരള സംസ്ഥാന മുസ്ലിംലീഗ് പ്രഥമ നിർവാഹകസമിതി എറണാകുളത്ത് സീതിസാഹിബിന്റെ വസതിയിൽ ചേർന്നപ്പോൾ

ഫോട്ടോ സമ്പാദനം: ആസാദ് വണ്ടൂർ